





# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## ജി.എച്ച്.എസ്. കരിമ്പ

**പ്രിൻസിപൽ** — **ശ്രീ.കുഞ്ഞുണ്ണി.കെ**

**ഹെഡ്മാസ്റ്റർ** — **ശ്രീ.ശിവദാസൻ.യു**

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ

ജനീഷ ഫാത്തിമ

മുഫസിറ.കെ.എം

റിൻസില.എൻ.എ

അൻസില.പി.എം

ഇർഷാദ്.പി.എ

സുജിത്.സി

റംഷാന അമ്പാടത്ത്

രാഹുൽ.ടി.പി

സ്നേഹ.സി.എം

ജബ്ന.സി.കെ

ഹൻഷിന.കെ

രഞ്ജുഷ.പി

അഖില.പി.യു

മാഷിദ ഫർഹാന

മുഹമ്മദ് ഹസീബ്

സുബിൻ റാം.പി.ആർ

മുഹമ്മദ് സജീർ.എ.എസ്

മുഹമ്മദ് ഷിബിലി.വി.എ

ജസീന.എസ്

ഹിബ ഫാത്തിമ.എ

മുഹമ്മദ് ഉവൈസ്.കെ.എം

# ഉള്ളടക്കം

ആമുഖം.............................................................................................3
ചരിത്രം..............................................................................................5
.............................................................................................................8
പാഠ്യേതര പ്രവർത്തനങ്ങൾ.................................................................9
അമ്മ..............................................................................................10
മഴക്കായ് ഒരു പ്രതീക്ഷ....................................................................12
വിരഹമായി തീർന്ന സ്വപ്നം...............................................................14
ത്യാഗം ഒരു തുടക്കം........................................................................16
പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ.........................................21
ഒരു ഐ.എ.എസ് സ്വപ്നം...................................................................22
ചിരിപാഞ്ഞുപോകുമോനീ.................................................................24
എൻ സ്വപ്നമേ...................................................................................24

# ആമുഖം

ബഹു.കേരള വിദ്യാഭ്യാസവകുപ്പ് 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ വ്യാപകമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കാലാനുസൃതമായ ഒരു പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ്. പാഠ്യപദ്ധതിയിലും പഠന പ്രവർത്തനങ്ങളിലും വിപ്ലവകരമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സാങ്കേതിക അഭിരുചിയുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മ എന്തുകൊണ്ടും വിദ്യാലയ പ്രവർത്തനങ്ങൾക്ക് ഏറെ ഗുണകരം തന്നെ. കുഞ്ഞുമനസ്സുകളിലെ ഭാവനകൾ ഒരു ഡിജിറ്റൽ മാഗസിൻ രൂപത്തിൽ ആവിഷ്ക്കരിക്കാൻ അവർ നടത്തിയ ശ്രമങ്ങളാണ് ഇതിനോടൊപ്പം ചേർക്കപ്പെട്ടിട്ടുള്ളത്.പരിശ്രമങ്ങൾ വിലയിരുത്തുകയും വേണ്ട തിരുത്തലുകൾ വരുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

# ചരിത്രം

ഹരിത ഭംഗി വഴിഞ്ഞൊഴുകുന്ന കല്ലടിക്കോടൻ മലനിരകളെ തൊട്ടുരുമ്മി പ്രകൃതി വിഭവങ്ങളാൽ സമ്പൽസ്മൃദ്ധമായ കരിമ്പ എന്ന വള്ളുവനാടൻ ഗ്രാമം.

സാമൂതിരിയുടെയും ടിപ്പുവിന്റേയും പടയോട്ടങ്ങളുടെ ഓർമ്മ പേറുന്ന ഈ ഗ്രാമത്തിന്റെ വിരിമാറിലൂടെയൊഴുകുന്ന തുപ്പനാട്` പുഴക്കു പോലും സ്വാതന്ത്ര്യസമരചരിത്രത്തിൽ ഗണ്യമായ സ്ഥാനമുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ഈ ഗ്രാമത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓർമ്മയിലാദ്യമെത്തുക കൃഷ്ണനെഴുത്തച്ചന്റെ കുടിപ്പള്ളിക്കൂടമാണ്. പിന്നീട കരിമ്പ ഗവ.ഹയർസെക്കണ്ടറി സ്ക്കുളായി മാറിയതിനു പിന്നിൽ ധാരാളം അധ്വാനം വേണ്ടിവന്നു എന്നത് പൂർവ്വികന്മാർ മറക്കാനിടയില്ല. ആദ്യകാലത്ത്

കല്ലടിക്കോട് മുതൽ ചൂരിയോട് വരെ നീണ്ട് കിടന്ന ഈ പഞ്ചായത്തില് പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മാത്രമാണുണ്ടയിരുന്നത്. കോങ്ങാട് , തച്ചമ്പാറ, മുണ്ടൂറര്, കടമ്പഴിപ്പുറം എന്നിവിടങ്ങളിലെ വിദ്യാലയങ്ങളായിരുന്നു ഇന്നാട്ടുകാരുടെ ആശ്രയം. കരിമ്പ നിവാസികളുടെ ചിരകാലാഭിലാഷമായിരുന്നു ഈ പഞ്ചായത്തിൽ ഉപരിപഠനസൗകര്യം ഉണ്ടാവുക എന്നത്. ഈ സന്ദർഭത്തിലാണ് ശ്രീ. പതിയിൽ വാസുദേവൻ നായർ , ശ്രീ. ടി. സി. കുട്ടൻ നായർ, ശ്രീ. വീരാൻ കുട്ടി സാഹിബ്, ശ്രീ.പി.ടി.തോമസ്, ഐരാണി ജനാർധനൻ നായർ ,

ശ്രീ. വേലായുധൻ കുട്ടി, ശ്രീ ശ്രീധരപ്പണിക്കർ, എന്നീ നിസ്വാർഥമതികളുടെ നേതൃത്വത്തിൽ നാട്ടുകാരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് ഹൈസ്കൂളിനു വേണ്ടിയുള്ള ശ്രമം

ആരംഭിക്കുന്നത്. അവരുടെ
അശ്രാന്തപരിശ്രമഫലമായി ഹൈസ്കൂള്‍
അനുവദിക്കപ്പെട്ടു. വലിയൊരു
ബാധ്യതയായിരുന്നു സ്കൂള്‍
നിര്‍മ്മാണത്തിനായി കമ്മിറ്റി
ഏറ്റെടുത്തത്. മൂന്നേക്കര്‍ സ്ഥലവും ആറു
ക്ലാസ്സ് മുറികളുമുള്ളകെട്ടിടം ചുരുങ്ങിയ
കാലത്തിനുള്ളില് തയ്യാറാക്കുക എന്ന
ശ്രമകരമായ വെല്ലുവിളി ഏറ്റെടുത്ത
കമ്മിറ്റിയുടെ നിശ്ചയദാരഢ്യത്തോടെയുള്ള
പ്രവര്‍ത്തനവും നാട്ടുകാരുടെ
സഹകരണവും ലക്ഷ്യം
നേടിയെടുക്കുന്നതിന് സഹായകമായി
1974 സെപ്തംബര്‍ മാസം 9-ാം തീയതി
എട്ടാം ക്ലാസ്സ് മാത്രമായി ഈ വിദ്യാലയം
പ്രവര്ത്തനമാരംഭിച്ചു. പനയമ്പാടത്തുള്ള
ചാണ്ടപ്പിള്ള എന്നയാളുടെ കെട്ടിടത്തില്‍
വാടകയ്ക്കായിരുന്നു ആദ്യം
പ്രവര്‍ത്തിച്ചിരുന്നത്. 1976-ല്‍ ഇതൊരു
മുഴുവന്‍ ഹൈസ്കൂളായി മാറുകയും

ശ്രീമതി. എം. സുഭദ്ര ഹെഡ്മിസ്ട്രസ്സ് ആയി ചുമതലയേല്ക്കുകയും ചെയ്തു. അച്ചടക്കത്തിലും കാര്യക്ഷമതയിലും പഠനനിലവാരത്തിലും ഉന്നതമായ ഒരു പാരമ്പര്യത്തിന്റെ തുടക്കം കുറിക്കാൻ സുഭദ്രടീച്ചറുടെ നേതൃത്വത്തിന് കഴിഞ്ഞു. അധ്യാപകരുടെയും നാട്ടുകാരുടെയും പി.ടി.എ. യുടേയും ഇടപെടലുകൾ മൂലം 2004-2005 വർഷത്തിൽ ഇതൊരു ഹയർ സെക്കന്ററി വിദ്യാലയമായി മാറി.

.................

# പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- ക്ലാസ് മാഗസിൻ
- വിദ്യാരംഗം കലാ സാഹിത്യ വേദി
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- ഹരിത ക്ലബ്
- ട്രാഫിക്ക് സുരക്ഷാ ക്ലബ്
- ഹെൽത്ത് ക്ലബ്
- ജൂണിയർ റെഡ് ക്രോസ്
- എസ്.പി.സി
- എൻ.എസ്.എസ്

…………

# അമ്മ

വലിയൊരു വീട് ആർക്കും ചിന്തിക്കാൻ പോലും കഴിയാൻ പറ്റാത്തത്ര വലുത്. മഴവിൽ പോലെ പല നിറങ്ങളുള്ള പൂന്തോട്ടം. ആരെങ്കിലും വീടിനെ നോക്കിയാൽ തൂക്കിലേറ്റാൻ ജോലിക്കാർ. ആ വീട്ടിലെ രാജകുമാരിയായ മീര. എന്തും എപ്പോഴ് വേണമെങ്കിലും ചോദിച്ചാൽ തരുന്ന മാതാപിതാക്കൾ. അമ്മയായിരുന്നു അവളുടെ ഇഷ്ടപ്പെട്ടയാൾ. ഒരു ചെറിയകളിപ്പാട്ടം ഉണ്ടായിരുന്നു. അവൾക്കത് ഏറേ ഇഷ്ടമായിരുന്നു അത് അമ്മ അവൾക്ക് ആറാമത്തെ പിറന്നാളിന് സമ്മാനമായി കൊടുത്തതായിരുന്നു. മീര അവളുടെ സങ്കടങ്ങളും സന്തോഷവുമെലാം പങ്കുവെച്ചിരുന്നത് അമ്മയോടായിരുന്നു. സത്യം പറഞ്ഞാൽ അവൾ ആ വീട്ടിൽ സന്തോഷവതിയായി തന്നെയായിരുന്നു. ജീവനില്ലാത്ത പ്രതിമയോളം അവൾ ജീവനുള്ള ആളെ പോലെ സംസാരിച്ചിരുന്നു. അച്ഛൻ വിദേശത്തായതിനാൽ അച്ഛനോട് അവൾക്ക് അടുപ്പം കുറവായിരുന്നു. അമ്മ അതായിരുന്നു അവളുടെ സ്വപ്നം. സ്കൂളിലേക്ക് ഒരുങ്ങുകയായിരുന്നു അവൾ. അവളുടെ കൈതട്ടി ആ കൊച്ചു പ്രതിമ താഴേക്ക് വീണു ഠേ അവൾ ആ കൊച്ചു കുടിലിൽ നിന്ന് ഞെട്ടിയുണർന്നു. അച്ഛൻ കൈകോട്ടും എടുത്ത് പണി സ്ഥലത്തേക്ക് പോവാനൊരുങ്ങി. അവൾ വീട്ടുജോലിയെല്ലാം കഴിഞ്ഞു കുളിച്ചൊരുങ്ങി. മാലയിട്ടു തൂക്കിവച്ച അമ്മയുടെ ഫോട്ടോ നോക്കി അവൾ പ്രാർത്ഥന തുടങ്ങി. ആ

**ഫോട്ടോയുടെ ചുവട്ടിൽ ഒരു കൊച്ചു പ്രതിമയും. കണ്ണീരോടെ മീര പ്രാർത്ഥന തുടർന്നു.**

ലിയാന 9A

.................

# മഴക്കായ് ഒരു പ്രതീക്ഷ

ഒരു തുള്ളിയായ് മൗനമായ്...
നിന്നെ ഞാൻ കാത്തിരുന്നു.
പ്രതീക്ഷയായ് ആദ്യദിനം **ത്യാഗം ഒരു തുടക്കം**
കടന്നുപോയി...
കർക്കിടകരാവിൽ നിന്നാൽവിക്കുന്ന-
ഒരു തുള്ളി മഴയ്ക്കായ്...
എൻ പ്രതീക്ഷ കാത്തിരുന്നു...
നിൻെ ചോരകണങ്ങളാണെന്നിൽ
പെയ്ത പുഷ്പങ്ങളൊക്കെ പുണർന്നതും.
കാരിരുംമ്പഴിക്കുള്ളിൽ കിടന്ന
ഞാൻ നിന്റെ മൗനത്തെ
ഓർത്തിരുന്നങ്ങനെ!
തുള്ളിക്കു പെയ്യുണ വർഷം...
പെയ്യുണ കണ്ട് ഞാൻ കരഞ്ഞു...
ആ കൊല്ലം കർക്കിടകത്തിൽ
എന്നെ പിരിഞ്ഞു നീ പോയില്ലേ...
ആ കൊല്ലം കർക്കിടകത്തിൽ[2]
എന്നെ പിരിഞ്ഞു നീ പോയില്ലേ

നിന്റെ ആ ശബ്ദത്തിനായി...[2]
ഒത്തിരികാലം കാത്തിരുന്നു...
കാലൊച്ച കേട്ടനേരം
ഞാനൊന്നെത്തി നോക്കി...
എൻ കാത്തിരിപ്പിൻ അന്ത്യത്തിനായി
പൊൻമഴ മണ്ണിൽ കതിച്ചു.
വന്നെത്തി പൊൻ മഴ കാലം
നറുമണം വീശുന്ന മഴക്കാലം
എൻ പ്രതീക്ഷ സഫലമായി...
സഫലമായീ...സഫലമായീ...
എൻ പ്രതീക്ഷാ...

**അർച്ചന 8B**

..................

# വിരഹമായി തീർന്ന സ്വപ്നം........

'രാമൂ.... രാമൂ.... എഴുന്നേക്ക് നിനക്ക് ഇന്ന് സ്കൂളിൽ പോകണ്ടേ മോനെ.
നേരം എത്രയായി വല്ല വിചാരം ഉണ്ടോ നിനക്ക്. അശോക് ഇപ്പോൾ വരും."ഇത്രയും പറഞ്ഞ് അമ്മ പശുവിനെ കറക്കാനായി പോയി.രാമു കട്ടിലിൽ നിന്ന് പതുക്കെ എഴുന്നേറ്റ് അമ്മയുടെ അടുത്തേക്ക് പോയി. "നിനക്ക് എന്താ മോനെ പറ്റിയത്. നിനക്ക് സുഖമില്ലേ..."രാമുവിൻെറ മുഖം കണ്ട അമ്മ കാര്യം തിരക്കി. "ഒന്നുമില്ല അമ്മേ... ചെറിയ ഒരു തലവേദനയുണ്ട്. അതു സാരമില്ല. ഞാൻ പോയി കുളിക്കട്ടെ അശോക് ഇപ്പോൾ എത്തും. നോക്കട്ടെ മോനെ... നല്ല വേദന ഉണ്ടോ? എന്ന് ചോദിച്ച് അമ്മ രാമുവിൻെറ നെറ്റിയിൽ തൊട്ടു. നല്ല ചൂട് ഉണ്ടായിരുന്നു.പനിക്ക് കുറവൊന്നും ഉണ്ടായിരുന്നില്ല."രാമു നീ എന്ന ഇന്ന് സ്കൂളിൽ
പോകണ്ട. ഇനി പനി കുറവായിട്ട് പോയാൽ മതി." എന്ന് അമ്മ പറഞ്ഞു. അത് സാരമില്ല അമ്മേ.... എനിക്ക് സ്കൂളിൽ പോകണം. മലയാളം പരീക്ഷയുള്ളതാണ്.ലീവായാൽ സാർ എന്നെ നാളെ പുറത്ത് നിർത്തും.അതും പറഞ്ഞ് അവൻ അകത്തേക്ക് പോയി.സ്കൂളിൽ പോകാൻ തയ്യാറായി വന്നു.അമ്മയോട് യാത്ര പറഞ്ഞ്ഇറങ്ങിയ അവൻ സുഹൃത്തായ അശോകിനോടൊപ്പം സ്കൂളിലേക്ക്
പോയി.തീരെ വയ്യാത്ത രാമുവിനെ സ്കൂളിലേക്ക് അയക്കാൻ അമ്മയ്ക്ക്ഒട്ടും മനസ്സ് ഉണ്ടായിരുന്നില്ല. എന്നാലും രാമുവിൻെറ നിർബന്ധത്തിനും വാശിക്കും വഴങ്ങി അമ്മ അത് സമ്മതിച്ചു.അവൻെറ  അച്ഛൻ അവിടെയില്ല.അദ്ദേഹം ദുബായിലാണ്. അമ്മ അച്ഛന് വിളിച്ച്കാര്യങ്ങളെല്ലാം പറഞ്ഞു. അച്ഛൻ അമ്മയെ എന്തിനാണ് അവനെ വിട്ടത് എന്ന് ചോദിച്ച് വഴക്ക് പറഞ്ഞു. അമ്മയ്ക്ക് പേടിയും സംങ്കടവും കൂടി കൂടി വന്നു.

രാമുവിന് പനി കൂടി.ക്ഷീണവും വേദനയുമെല്ലാം കാരണം നടക്കാൻ വയ്യാതെയായി. അവൻ അവിടെ ഇരുന്നു. അശോക് പേടിച്ച് പോയി.അവൻ നിലവിളിച്ചു. രാമുവിന്റെ അസുഖം കൂടി കൂടി വന്നു. അപ്പോഴേക്കും ആളുകൾ അവനെയെടുത്ത് ആശുപത്രിയിൽ കൊണ്ടു പോയിരുന്നു.അവനെ പല പല ഡോക്ടർമാർ വന്ന് പരിശോധിച്ചു.

അവന്റെ അമ്മയെ ആരൊക്കെയോ വിവരമറിയിച്ചു. പേടിയും സങ്കടവും എല്ലാംകൊണ്ട് അവന്റെ അമ്മ ആശുപത്രിയിൽ എത്തി.അവിടെ എത്തി അമ്മ അറിഞ്ഞ വാർത്ത രാമുവിന്റെ മരണവാർത്തയായിരുന്നു.ആ വാർത്ത കേട്ട് സഹിക്കാൻ വയ്യാതെ അമ്മ ബോധം കെട്ട് വീണു.

മകന്റെ ജീവനില്ലാത്ത ശരീരം കണ്ട് അമ്മയുടെ കണ്ണീർ നദികൾ പോലെ കരകവിഞ്ഞ് ഒഴുകി.സ്കൂളിലെ അവന്റെ സുഹൃത്തുക്കളും എല്ലാവരും രാമുവിന്റെ വിയോഗത്തിൽ സഹിക്കാൻ വയ്യാതെ അവനെ അവസാനമായി ഒരു നോക്ക് കാണാൻ അവന്റെ വീട്ടിലേക്ക് തിരമാലകൾ പോലെ ആർത്തിരമ്പി വന്നു.അവന്റെ അന്ത്യ കർമത്തിന്ശേഷം എല്ലാവരും അവിടെ നിന്ന് പിരിഞ്ഞു പോയി. മകന്റെ കളി ചിരിയില്ലാത്ത മൂകമായ ഒരു വീടായി മാറി.

ശിഫാന പർവിൻ 10

# ത്യാഗം ഒരു തുടക്കം

ജനനം എന്ന മൂന്നക്ഷരത്തിൽ തുടങ്ങി മൂന്നക്ഷരത്തിൽ അവസാനിക്കുന്ന ജീവിതം എന്ന മൂന്നക്ഷരത്തെക്കുറിച്ച് ഒരു പെൺകുട്ടി നെയ്തെടുത്ത സ്വപ്നം.1970-കളിലെ ഒരു അർദ്ധരാത്രി ജെയിംസിന്റെയും അന്നയുടെയും അവൾ പിറന്നു.കൊടിയ ദാരിദ്രത്താൽ വലയുന്ന ആ കുടുംബത്തിന്റെ ആകെ പ്രതീക്ഷ.ജനിച്ചു വീണപ്പോഴെ വലിയ ഭാരം തലയിൽ ചുമത്തപ്പെട്ട് അവൾ ജന്മമെടുത്തു. സന്തോഷമെന്തന്നറിയില്ല.അവളുടെ വാസസ്ഥലത്തെ പാരിസ്ഥിക ചുറ്റുപാടായിരിക്കും.ചേരായുടെ ചുറ്റുപാട്,അവരുടെ വളർച്ചയ്ക്ക് ഭീഷണിയായി തീർന്നു.അതുകൊണ്ട്

അവർ ഇന്നും ദാരിദ്രത്തിൽ കഴിയുന്നു.അങ്ങനെയിരിക്കുമ്പോഴാണ് ആറ്റുനോറ്റിരുന്ന നീണ്ട കാത്തിരിപ്പിന് ശേഷം അവളുടെ ജനനം.എന്ത് പേരിടണം?വലിയ ചർച്ച ഉടലെടുത്തു.കാത്തിരിപ്പിൻെ പരിണാമം കുറിച്ച ആളാണല്ലോ.അന്നയുടെ മനസ്സിൽ മിന്നായം പോലെ മറഞ്ഞ ഒരു പേര് 'അക്വിലിറ'.അർഥമെന്തെന്നോ എന്ത് കൊണ്ട് തോന്നിയെന്നോ അറിയില്ല.അവൾ വളർന്നു.ഒരു പാട് സ്വപ്നങ്ങളും പ്രതീക്ഷകളും അവൾക്കുണ്ട്.നന്നായി പഠിക്കും.പല കഴിവുകളാൽ അനുഗൃഹിതയായിരുന്ന അക്വിലിറ.പഠിക്കണം,വളരണം.ഒരു വലിയ ഡോക്ടറാകണം.എന്നൊക്കെയാണ് സ്വപ്നം.ഒരു ഡോക്ടർ ആവുകയൊക്കെ എന്നു പറഞ്ഞാൽ എന്താ ചെലവ്.പക്ഷെ സ്വപ്നങ്ങളുടെ കൂട് നെയ്തെടുത്തു

അവൾ.മറുകോണിലാകട്ടെ
ജെയിംസും,അന്നയും തങ്ങളെ
കൊണ്ടാവുന്ന വിധത്തിൽ സ്വപ്നം
കാണുന്നു.പഠനം തന്നെ എങ്ങനെ
മുന്നോട്ട് പോകുന്നതെന്ന്
അവർക്കേറിയൂ.പലദിവസവും
പട്ടിണിയാണ്.പഠന ചെലവ് കാരണം
നിത്യചെലവ് പോലും
നടക്കുന്നില്ല.അവൾക്ക് ഒരു ചെറിയ
ജോലി.തുച്ഛ ശമ്പളം മതി നമുക്ക്.എന്നാണ്
മാതാപിതാക്കളുടെ സ്വപ്നം.അപ്പോഴേക്കും
വലിയ സ്വപ്ന സാമ്രാജ്യം അവൾ
നെയ്തെടുത്തിരുന്നു.അങ്ങനെ ഒരു ദിവസം
ഭാവി ചർച്ചക്കിടെ അവൾ തൻെ
ആഗ്രഹം പ്രകടിപ്പിച്ചു.പെട്ടെന്ന്
അവരുടെ മുഖം വിളറി.എന്ത്
പറയണമെന്നോ,എന്ത് ചെയ്യണമെന്നോ
അറിയില്ല.അറിയാതെ മൊട്ടിട്ട
ആഗ്രഹം.തൻെ കൊച്ചിൻെ ആഗ്രഹം
എങ്ങനെയും ഒന്ന്

സാധിച്ച്കൊടുക്കണം.അപ്പച്ചൻ ഉറപ്പിച്ചു.അമ്മച്ചിയാകട്ടെ തങ്ങളുടെ പരിമിധികളുടെ നീണ്ട രേഖ അവളുടെ മുമ്പിൽ വിളമ്പി.ഇതുകേട്ടതോടെ തന്റെ സ്വപ്ന സാമ്രാജ്യത്തിന്റെ തകർച്ചയിൽ അവൾ ആകെ പതറി.അവൾ പറഞ്ഞു എനിക്കൊരു ലക്ഷ്യമുണ്ട്.എനിക്ക് ഒരു ഡോക്ടറാവണം.അത് ഞാൻ നേടിയെടുക്കുക തന്നെ ചെയ്യും.അതിനെക്കുറിച്ച് നിങ്ങൾ ആകുലരാകണ്ട.ഒരു ചെറിയ തുടക്കമാണ് വലിയ തുടക്കത്തിലേക്കുള്ള വാതിൽ.അവളുടെ സ്വപ്നം,പരിമിധികളാൽ പൊട്ടിതകർന്ന സ്വപ്നം.തന്റെ മാതാപിതാക്കൾക്കായി അവൾ ഉഴഞ്ഞുവച്ചു.ഒരു സ്വപ്നം തുങ്ങിച്ച് അതിലൂടെ തന്നെ ആ സ്വപ്നത്തിലേക്ക് അവൾ വളർന്നു.തന്റെ സ്വപ്ന സാക്ഷാത്ക്കാരം സാധ്യമാകുമോ എന്നോ അവൾ ആലോചിച്ചു.എല്ലാം

ദൈവനിശ്ചയം പോലെ.ഇപ്പോൾ എന്റെ സ്വപ്നം,എന്റെ ലക്ഷ്യം എന്നത്തെ കുടുംബത്തിന്റെ പണിതുയർത്തൽ. ബാക്കിയെല്ലാം വരുന്ന വഴിക്ക് കാണാം.

**അലിറ്റ ഷിബു 10D**

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ആരോ പറയുന്നു തെംസ് നദി, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ  വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണുപോൽ അദ്ഭുതം
പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ
തെംസ്സദി
ആ രാഗമല്ലലായ് ദീപ്രമാം യത്നമായ്
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി നിൻ നിർജീവ
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ
തൂമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ

തെംസ് നദിയോട് (സുഗതകുമാരി)

# ഒരു ഐ.എ.എസ് സ്വപ്നം

സ്വപ്നങ്ങൾ കാണാൻ ആർക്കും സാധിക്കും.നമുക്ക് എന്ത് സ്വപ്നം വേണമെകിൽ കാണാം.പക്ഷേ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാനാണ് പാട്;അങ്ങനെ സ്വപ്നങ്ങൾ കണ്ട് അത് നേടാൻ പ്രയത്നിച്ച് അത് നേടിയെടുത്ത ഒരു കുട്ടിയുടെ കതയാണിത് "ഐ.എ.എസ്" പരീക്ഷയിൽ ഒന്നാം റാങ്കോടുകൂടിപാസായ അരുൺ കാറിൽ നിന്നും ഇറങ്ങി വന്നു.അവന്റെ അമ്മയും,അച്ഛനും അവനെ കെട്ടിപ്പിടിച്ച് അവനെ ചുംബിച്ച് അവനെ വീട്ടിലേക്ക് ആനയിച്ചു.പെട്ടെന്ന് അവനെ ആരോ വിളിക്കുന്നതായി അവനു തോന്നി.അവൻ കണ്ണുതുറന്നുനോക്കിയപ്പോൾ അവൻ കണ്ടത് സ്വപ്നമാണെന്ന് അവന് മനസ്സിലായത്.അരുൺ പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്.അമ്മയാണ് അവനെ നോക്കുന്നത്. അവന്റെ അച്ഛൻ ഒരു കാറപകടത്തിൽ ചെറുപ്പത്തിൽ മരിച്ചുപോയി.അവൻ സ്കൂളിൽ പഠിക്കുന്നതിൽ മഹാമോശമാണ്.എപ്പോഴും കളി കളി എന്ന ചിന്ത മാത്രമാണ് അവനുണ്ടായിരുന്നത്. അവന്റെ അമ്മ അവനെ പോറ്റിവളർത്തിയതിന് അനുഭവിക്കുന്ന കഷ്ടപ്പാട് അവൻ

ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല.അവന്റെ വീട്ടിലെ അവസ്ഥകളെല്ലാം അറിഞ്ഞ ഒരു അധ്യാപകൻ ഒരു ദിവസം അവനെ അടുത്തുവിളിച്ച് അവനോടു പറഞ്ഞു.നിനക്ക് വലുതാകുമ്പോൾ എന്താവാനാണ് ആഗ്രഹം.അവൻ പറഞ്ഞു എനിക്ക് ഐ.എ.എസ് ഓഫീസറാകണം.എന്നാൽ നീ ഇത് ആഗ്രഹിച്ചാൽ മാത്രം പോരാ.അതിന് വേണ്ടി പ്രവർത്തിച്ച് നീയത് നേടിയെടുക്കണം .നിന്നെ അമ്മ എത്ര കഷ്ടപ്പെട്ടാണ് പോറ്റിവളർത്തുന്നത് എന്ന് നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?ആ ദിവസം സാറിന്റെ ഉപദേശം അവനെ ആകെ മാറ്റി മറിച്ചു.പഠിക്കുന്നതിൽ അവൻ ഒന്നാമനായി പിന്നീട് നേട്ടങ്ങളുടെ കാലമായിരുന്നു. വർഷങ്ങൾ കഴിഞ്ഞു പോയി.സ്വപ്നത്തിൽ കണ്ട അവന്റെ ഐ.എ.എസ് ആകണമെന്ന സ്വപ്നം അവൻ സാക്ഷാത്കരിച്ചു.

ടോം ടെനി 8A

# ചീറിപാഞ്ഞുപോകുമോനീ...

# എൻ സ്വപ്നമേ....

ജീവൻെറ തുടിപ്പിൽ അന്നും ഇന്നും മരിച്ചാലും കൂടെ പിറന്ന ഒരു സ്വപ്നമാനണ് നീ ചീറിപ്പാഞ്ഞുപ്പോകുന്ന ബുള്ളറ്റ്.പ്രകൃതി പുലരിയെ വരവേൽക്കുംബോൾ ഞാൻ നോക്കുന്ന ജാലക കാഴ്ച്ചകൾ ഞാനെന്നും ഓർക്കാറുണ്ട് അതിലൊന്നാണ് എൻെറ ബുള്ളറ്റ്. അന്നുമിന്നും നമ്മളെ നെഞ്ചോട് അണക്കുന്ന അച്ഛനും അമ്മയും കാണുന്ന സ്വപ്നമാണ് മക്കളുടെ ഉന്നമനം.അച്ഛൻെറയും അമ്മയുടെയും ഉള്ളിൽ ഞാനെന്ന കിനാവ് എന്താണെന്നെനിക്കറിയില്ല എ ലും ഒന്നുറപ്പാണ് ഞാനെന്ന കിനാവ് ഒരിക്കലും മറക്കില്ലെന്ന് എൻെറ ജീവിതം എന്നു പറയുന്നത് എൻെറ കാക്കി ബുള്ളറ്റ് പ്രണയമാണ്.

എൻെറ ജീവിതത്തിൽ ഞാൻ കണ്ട സ്വപ്നമാണ് ips എന്നത് എന്റെ

പേരിന്റെ
കൂടെ ips എന്ന പദവി കിട്ടുംബോൾ ഞാൻ
നി–
വർന്നു നിന്ന് എൻെറ അച്ഛനോടും
അമ്മയോടും പറയും ഞാനെന്ന കിനാവ്
ഒരിക്കലും ആർക്കും ഒന്നിനും
ഊതിക്കെടുത്താനാവില്ലെന്ന്
ഞാനിപ്പോൾ പറഞ്ഞ സ്വപ്നത്തിൽ ഒരാൾ
കൂടി കുറവുണ്ട്,ഹൈവേയിലൂടെ
പാഞ്ഞുപ്പോകുന്ന എല്ലാവരുടേയും ഉള്ളിൽ
'ഠക്'
'ഠക്' എന്ന് ശബ്ദമുണ്ടാക്കുന്ന
കാക്കിയണിഞ്ഞ് ബുളളറ്റിലൂടെ
പാഞ്ഞുപോകുന്ന എൻെറയി
സ്വപ്നം ഹൈവേയിലൂടെ പത്താൻ ഞാൻ
മടിക്കില്ലെന്ന് ഉറപ്പാണ്. എൻെറ
മാതാപിതാക്കളുടെ
സ്വപ്നം ഞാനാണ് ആ സ്വപ്നം
ഞാൻ സാക്ഷാത്ക്കരിക്കാൻ
ഞാൻ മറക്കില്ല.

......................